നമ്മൾ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടുമ്പോൾ പ്രാധാന്യം നൽകി ക്കൊണ്ട് സ്വീകരിക്കാൻ കഴിഞ്ഞാൽ നമുക്ക് ഒരു വലിയ പരിഹാരം കാണാൻ കഴിയും. അത് നടപ്പാക്കാം.

VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

1. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

ശ്രീ. എം. മുരളി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണ മെന്ന പ്രമേയം സമിതിയുടെ അദ്ധ്യക്ഷനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

മി. സ്പീക്കർ : ഇന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7 സ്വകാര്യ ബില്ലുകളുടെ പരിഗണനയും, അതിനുശേഷം 4 ബില്ലുകളുടെ തുടർച്ചയും ഉണ്ട്. ഇത് മനസ്സിൽവച്ചുകൊണ്ട് നമുക്ക് തുടങ്ങാം.

2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1999-ലെ കേരള സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ സേവന വേതന വ്യവസ്ഥാ നിർണ്ണയവും ക്ഷേമനിധി സംസ്ഥാപനവും ബിൽ

(ബില്ലിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(1) ദി കേരളാ സ്റ്റേറ്റ് കൗൺസിൽ ഓഫ് എൻട്രൻസ് എക്സാമിനേഷൻ ബിൽ, 1999

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കേരള സ്റ്റേറ്റ് കൗൺസിൽ ഓഫ് എൻട്രൻസ് എക്സാമിനേഷൻ ബിൽ, 1999-ന്റെ അവതരണാനുമതി ക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ശ്രീ. സത്യൻ മൊകേരി : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഇതിന് ഒരു പ്രത്യേക ബില്ലിന്റെ ആവശ്യമില്ല. എൻട്രൻസ് എക്സാമിനേ ഷൻ ശരിയായി നടത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെയുണ്ട്. ഇതിനെ അനുകൂലിക്കുന്നില്ല.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly